# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1242.** **30.09.2011-ൽ മറുപടിക്ക്**

## അന്യസംസ്ഥാന തൊഴിലാളികളും സുരക്ഷാ ഓഡിറ്റും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമപരമായി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിലാണ് പ്രസ്തുത ക്ഷേമ പദ്ധതി പ്രവർത്തിച്ചു വരുന്നത്. ടി പദ്ധതിയിൽ അംഗങ്ങൾ ആകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നില നിറുത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാന്റ്, അംഗങ്ങൾ 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിയ്ക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ കൂടാതെ അന്യ സംസ്ഥാന |

തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി ജില്ലാ ലേബർ ഓഫീസർമാർ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. അന്യ സംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ച് വസിക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി തൊഴിലാളികൾക്ക് സൗജന്യമായി മരുന്ന് നൽകി വരുന്നു.

ടി ക്ഷേമപദ്ധതിയിൽ അന്യ സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്ന നടപടികളും സ്വീകരിച്ചു വരുന്നു. 2011 സെപ്തംബർ മാസം വരെ ഏകദേശം 15,000-ത്തിൽ പരം തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ തൊഴിലാളികൾക്ക് ഐ.ഡി. കാർഡ് നിർബന്ധമാക്കുമോ;

(ബി) ടി തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച ഐ.ഡി. കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്യുന്ന ഇത്തരം തൊഴിലാളികൾ മാത്രമേ സൈറ്റുകളിൽ പണിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുമോ;

(സി) കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ദ്രുതഗതിയിൽ നടന്നു വരികയാണ്. അത് പൂർണ്ണമായി നടപ്പിലാക്കിയാൽ മാത്രമേ സൈറ്റുകളിൽ തിരിച്ചറിയൽ കാർഡുള്ള തൊഴിലാളികൾ മാത്രമാണ് പണിയെടുക്കുന്നതെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണ സൈറ്റുകളിൽ സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കുമോ?

(ഡി) കെട്ടിട നിർമ്മാണത്തിനായുള്ള അനുമതി അപേക്ഷയോടൊപ്പം സുരക്ഷാ പ്ലാൻ സമർപ്പിക്കുന്നതിനും നിർമ്മാണങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ആയതിനുള്ള നടപടികൾക്ക് രൂപം കൊടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ